ഉത്തരം

(എ),(ബി)&(സി) വിവരം ശേഖരിച്ചുവരുന്നു.

88 (1448) സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർക്ക് എതിരെ സ്വീകരിക്കുന്ന നടപടികൾ

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.എ.എസ്. ഉദ്യോഗസ്ഥന്മാർക്കെതിരെ സ്വീകരിച്ച നടപടികളെ സംബന്ധിച്ചോ, അവർക്കുള്ള പരാതികളെ സംബന്ധിച്ചോ, എന്തെങ്കിലും നിവേദനം രേഖാമൂലമോ നേരിട്ടോ ഐ.എ.എസ്. ഓഫീസേഴ്സ് അസോസിയേഷൻ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അവ എന്തെല്ലാമായിരുന്നു;

(സി) ഇതിൻമേൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) ഉദിക്കുന്നില്ല.

89 (1449) യു.ഡി.എഫി.ന്റെ നേതൃത്വത്തിൽ നടന്ന ഹർത്താൽ

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 10.6.'99-ന് യു.ഡി.എഫി.ന്റെ നേതൃത്വത്തിൽ നടന്ന ഹർത്താലിന്റെ ഭാഗമായി സംസ്ഥാനത്ത് ഏതെല്ലാം സ്ഥലത്ത് അക്രമസംഭവങ്ങൾ നടന്നിട്ടുണ്ട്;

(ബി) ഈ അക്രമസംഭവങ്ങളിൽ എത്ര പേർക്ക് പരിക്കുപറ്റിയിട്ടുണ്ട്;

(സി) എത്ര വാഹനങ്ങൾക്ക് കേടുപാട് സംഭവിച്ചിട്ടുണ്ട്;

(ഡി) അക്രമസംഭവത്തോടനുബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഇ) ഈ കേസ്സുകളിൽപ്പെട്ട എത്ര യു.ഡി.എഫ്.കാരെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(എഫ്) അക്രമസംഭവങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിരുന്നത്;

(ജി) അക്രമസംഭവങ്ങളിൽ ഉൾപ്പെട്ടവരുടെ പേരിൽ കർശനമായ ശിക്ഷാ നടപടി സ്വീകരിക്കുമോ;

(എച്ച്) അക്രമസംഭവങ്ങളിൽ കേടുപാടു സംഭവിച്ച വാഹനങ്ങളുടെ നഷ്ടം ബന്ധപ്പെട്ടവരിൽനിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവനന്തപുരം

മേലാറന്നൂർ സി.ഐ.ജി. റോഡ്, ജഗതി ആനാട് (നെടുമങ്ങാട് പോലീസ് സ്റ്റേഷൻ അതിർത്തി) പാറശ്ശാല.

കൊല്ലം

ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് ആഫീസ്

പത്തനംതിട്ട

കൊടുമൺ, മല്ലപ്പള്ളി.

ആലപ്പുഴ

കായംകുളം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ മുനിസിപ്പൽ ജംഗ്ഷൻ

പരുമല

ചെങ്ങന്നൂർ ടൗൺ

കോട്ടയം

കോട്ടയം ടൗണിൽ ആർ.ആർ. ജംഗ്ഷൻ

എറണാകുളം

ഉദയംപേരൂർ, വൈറ്റില, ആലുവ

തൃശ്ശൂർ

ഗുരുവായൂർ, നെടുപുഴ, വിയ്യൂർ, ഒല്ലൂർ, കുന്നംകുളം

പാലക്കാട്

ചുവട്ടുപാടം

കോഴിക്കോട്

നടക്കാവ്, താമരശ്ശേരി

(ബി) എട്ട് പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്.

(സി) പതിമൂന്ന് വാഹനങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

(ഡി) 22 കേസ്സുകൾ.

(ഇ) 123 യു.ഡി.എഫ്. പ്രവർത്തകരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(എഫ്) അക്രമസംഭവങ്ങൾ ഉണ്ടാകാനിടയുള്ള സ്ഥലങ്ങളിൽ പോലീസ് പിക്കറ്റിംഗും പട്രോളിംഗും ഏർപ്പെടുത്തിയിരുന്നു. കൂടാതെ മുൻകരുതൽ അറസ്റ്റുകളും നടത്തിയിരുന്നു.

(ജി)&(എച്ച്) അക്രമസംഭവങ്ങളിൽ ഉൾപ്പെട്ടവർക്കെതിരെ കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

90 (1450) ജയിലുകളിൽനിന്ന് തടവുചാടിയവരുടെ എണ്ണം

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :

ശ്രീ. ചെർക്കളം അബ്ദുള്ള

ശ്രീ. സി. മൊയീൻകുട്ടി :

ശ്രീ. പി.കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly